(സി) എന്നേക്ക് ഈ നിയമനിർമ്മാണം നടത്താൻ കഴിയുമെന്നു വ്യക്തമാക്കുമോ;

(ഡി) ലാഭം ലക്ഷ്യമാക്കി വ്യക്തികളും, കുടുംബങ്ങളും നടത്തുന്ന സ്കൂളുകൾക്ക് ഹയർസെക്കണ്ടറി വിഭാഗം അനുവദിക്കാൻ ഉദ്ദേശമുണ്ടോ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) :

(എ) ഹയർ സെക്കണ്ടറി സ്കൂളുകൾ അനുവദിക്കുന്നതിന് വ്യക്തമായ മാനദണ്ഡങ്ങൾ ഉണ്ട്. പക്ഷേ നിയമനിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നില്ല.

(ബി) ഹയർസെക്കണ്ടറി സ്കൂളുകൾ അനുവദിക്കുന്നതിന് ചില മാനദണ്ഡങ്ങൾ നടത്തുന്ന നിയമനിർമ്മാണം അഭിലഷണീയമാണെന്ന് കോടതി നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും, ഒന്നോ, രണ്ടോ വർഷത്തിനുള്ളിൽ പൂർത്തിയാകുന്ന ഈ പ്രക്രിയയ്ക്ക് പ്രത്യേകമായി ഒരു നിയമത്തിന്റെ ആവശ്യമുള്ളതായി തോന്നുന്നില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) പ്രീഡിഗ്രി ഡീലിങ്കിംഗുമായി ബന്ധപ്പെടുത്തിയും ഓരോ പ്രദേശത്തിന്റെയും വിദ്യാഭ്യാസ ആവശ്യകത കണക്കിലെടുത്തുമാണ് ഹയർ സെക്കണ്ടറി സ്കൂളുകൾ അനുവദിക്കുന്നത്.

8 (*94) പാഠപുസ്തകങ്ങൾ ലഭ്യമാക്കുന്നതിലെ കാലതാമസം

ശ്രീ. കെ. മുഹമ്മദാലി :

ഡോ. എം.എ. കുട്ടപ്പൻ :

ശ്രീമതി റോസമ്മ ചാക്കോ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വിദ്യാഭ്യാസ വർഷത്തെ എല്ലാ പാഠപുസ്തകങ്ങളും എല്ലാ വിദ്യാർത്ഥികൾക്കും ഇതിനകം എത്തിച്ചുകൊടുക്കുവാൻ സാധിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ പാഠപുസ്തകങ്ങൾ ലഭ്യമാക്കുന്നതിൽ കാലതാമസം ഉണ്ടാകാനുള്ള കാരണമെന്ത്;

(സി) ബാക്കിപുസ്തകങ്ങൾ എന്നേക്ക് ലഭ്യമാക്കാമെന്ന് കരുതുന്നു;

(ഡി) പാഠപുസ്തകങ്ങൾ അതാത് അദ്ധ്യയന വർഷം തുടങ്ങുമ്പോൾ തന്നെ ലഭ്യമാക്കുവാൻ എന്തെല്ലാം മുൻകരുതലുകൾ സ്വീകരിക്കാനുദ്ദേശിക്കുന്നു;

(ഇ) ഇവ ഫലപ്രദമായി നടപ്പാക്കുവാൻ നടപടി സ്വീകരിക്കുമോ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) :

(എ) ഉണ്ട്.

(ബി) ബാധകമല്ല.

(സി) ബാധകമല്ല.

(ഡി) നിലവിലുള്ള പാഠപുസ്തകങ്ങളിലെ തിരുത്തലുകളും പുതുതായി ഏർപ്പെടുത്തുന്ന പുസ്തകങ്ങളുടെ രചനയും അംഗീകാരവും സമയബന്ധിതമായി പൂർത്തിയാക്കി കെ.ബി.പി.എസ്സ്. കേരള സ്റ്റേറ്റ് ആഡിയോ വിഷ്വൽ ആൻറ് റിപ്രോഗ്രാഫിക് സെന്റർ, ഗവൺമെന്റ് പ്രസ്സുകൾ എന്നി

LIBRARY ARCHIVES Kerala Legislative Assembly

വയ്ക്ക് ഏൽപ്പിക്കുന്നുണ്ട്. കൂടാതെ പ്രൈവറ്റ് പ്രസ്സുകളിലും അച്ചടി ഏൽപ്പിക്കുന്നുണ്ട്. അച്ചടിച്ച പാഠപുസ്തകങ്ങൾ ഡിപ്പാർട്ടുമെന്റൽ വാഹനങ്ങളും പ്രൈവറ്റ് വാഹനങ്ങളും ഉപയോഗിച്ച് കാലതാമസം കൂടാതെ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) സ്വീകരിക്കുന്നതാണ്.

9 *(95) മത്സ്യബന്ധന തുറമുഖങ്ങൾ

ശ്രീമതി എൻ.കെ. രാധ :
ശ്രീ. എൻ. കണ്ണൻ :
ശ്രീ. ആനത്തലവട്ടം ആനന്ദൻ :
ശ്രീ. ജി. സുധാകരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതൊക്കെ മത്സ്യബന്ധന തുറമുഖങ്ങളുടെ നിർമ്മാണ പ്രവർത്തനമാണ് ഉടനടി ആരംഭിക്കാനുദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത മത്സ്യബന്ധന തുറമുഖങ്ങളുടെ നിർമ്മാണം എന്നത്തേയ്ക്ക് പൂർത്തീകരിക്കാനുദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ;

(സി) നിർമ്മാണം ആരംഭിക്കുന്ന മത്സ്യബന്ധനതുറമുഖങ്ങളുടെ നിർമ്മാണ ചെലവിനായി കേന്ദ്രഗവൺമെന്റിന്റെ സഹായം പ്രതീക്ഷിക്കുന്നുണ്ടോ; എങ്കിൽ ഓരോ നിർമ്മാണപ്രവർത്തനത്തിനും പ്രതീക്ഷിക്കുന്ന കേന്ദ്ര സഹായത്തിന്റെ വിശദാംശം വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്ത് നിർമ്മാണം ആരംഭിക്കുന്ന മത്സ്യബന്ധന തുറമുഖങ്ങളിൽ ആധുനിക ഫിഷിംഗ് ഹാർബറിന് ആവശ്യമായ എന്തൊക്കെ സൗകര്യങ്ങളാണ് ഏർപ്പെടുത്താനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഇ) സംസ്ഥാനത്ത് നിർമ്മാണം പൂർത്തീകരിക്കുന്ന മുറയ്ക്ക് അനുകൂല സീസണിൽ അധികമായി ലഭ്യമാകുന്ന മത്സ്യസമ്പത്ത് സംസ്കരിക്കുവാനും വിപണനം നടത്താനും ലക്ഷ്യമിട്ടുകൊണ്ടുള്ള എന്തെങ്കിലും സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(എഫ്) സംസ്ഥാനത്ത് നിർമ്മിക്കാനുദ്ദേശിക്കുന്ന മത്സ്യബന്ധന തുറമുഖങ്ങളിൽ ഏതു പ്രതികൂലാവസ്ഥയിലും മത്സ്യബന്ധനം നടത്തുന്നതിന് എന്തെങ്കിലും സംവിധാനം ഏർപ്പെടുത്താനുദ്ദേശമുണ്ടോ; എങ്കിൽ എന്തു സംവിധാനമെന്നു വെളിപ്പെടുത്തുമോ?

ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. ടി.കെ. രാമകൃഷ്ണൻ) :

(എ) മുതലപ്പൊഴി, പൊന്നാനി, തലായി എന്നീ മത്സ്യബന്ധന തുറമുഖങ്ങൾ.

(ബി) മുതലപ്പൊഴി മത്സ്യബന്ധന തുറമുഖത്തിന്റെ നിർമ്മാണം 5 വർഷത്തിനുള്ളിലും പൊന്നാനി, തലായി എന്നിവയുടേത് 4 വർഷത്തിനുള്ളിലും പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly